**Circular No. 138**
**Proposed Caritas**
**Medical College**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 26 - 09 - 2013

പ്രിയ ബഹു. അച്ചാ, പ്രിയപ്പെട്ട ദൈവജനമേ,

ഏതാണ്ട് ഒരു വർഷത്തോളമായി കാരിത്താസ് ആശുപത്രിയോടനുബന്ധിച്ച് ഒരു മെഡിക്കൽ കോളേജ് തുടങ്ങണമെന്ന ആശയം വിവിധ സമിതികളിലൂടെ നാം ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ സാധ്യതകളെയും ബാദ്ധ്യതകളെയുംപറ്റി ഈ സമിതികളിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കണക്കിലെടുത്ത് കാരിത്താസ് ആശുപത്രി ട്രസ്റ്റിന്റെ ചെയർമാൻ കൂടിയായ അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ എല്ലാ പാരിഷ് കൗൺസിലുകളുമായി ചർച്ചകൾ നടത്തുകയും സാദ്ധ്യതാപഠനത്തിനായി എല്ലാ ഭവനങ്ങളിലും ബ്രോഷർ എത്തിക്കുകയും ചെയ്തു. പിന്നീടു നടന്ന ആലോചനാ സമിതികളിൽ ഇതേപ്പറ്റി കൂടുതൽ ചർച്ചകൾ നടത്തി. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഇക്കഴിഞ്ഞ ആഗസ്റ്റ് 17-ാം തീയതി എന്റെ സാന്നിദ്ധ്യത്തിൽ കാരിത്താസ് ട്രസ്റ്റ് മീറ്റിംഗ് കൂടുകയും നാം ലക്ഷ്യം വച്ച സാമ്പത്തിക ലഭ്യത ഉറപ്പാക്കാൻ സാധിക്കാത്തതിനാൽ മെഡിക്കൽ കോളേജ് തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ തുടരേണ്ടതില്ല എന്നു തീരുമാനിക്കുകയും ചെയ്ത വിവരം ഞാൻ നിങ്ങളെ അറിയിക്കുന്നു. സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ 2013 ഒക്ടോബറിലെ ഏതെങ്കിലും ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന മധ്യേ വായിച്ചറിയിക്കേണ്ടതാണ്.